DESPATCHED
On. 20/6/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 251(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 4694/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 16

ശ്രീ. സലിം ഗോപാലകൃഷ്ണൻ,
കടയ്ക്കൽ പുത്തൻമഠം,
മഹാദേവികാട്, കാർത്തികപ്പള്ളി പി.ഒ.,
ആലപ്പുഴ – 690 515.
— അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
അമ്പലപ്പുഴ പി.ഒ., ആലപ്പുഴ.

2) അപ്പീൽ അധികാരി,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
അമ്പലപ്പുഴ പി.ഒ., ആലപ്പുഴ.
— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 08/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സലിം ഗോപാലകൃഷ്ണൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും തുടർന്ന് എതിർകക്ഷികളുടെ കാര്യാലയത്തിന്റെ അധികാരപരിധിയിലുള്ള 46 പ്രൈമറി സ്കൂളുകളിലേയും 12 ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിലേയും പൊതു അധികാരികൾക്ക് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം അപേക്ഷയുടെ പകർപ്പ് കൈമാറിയിരുന്നുവെങ്കിലും 29

പ്രൈമറി സ്കൂളുകളിൽ നിന്നും 6 എച്ച്.എസ്/എച്ച്.എസ്.എസ് വിഭാഗത്തിൽ നിന്നും മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളതെന്നും സമയബന്ധിതമായി വിവരം ലഭിക്കാത്തതുമൂലം ഹർജിക്കാരന് കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം സൗജന്യമായി ലഭ്യമാക്കി, എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 08.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. എതിർകക്ഷി കാര്യാലയത്തിന്റെ പരിധിയിൽപ്പെട്ട വിദ്യാലയങ്ങളിൽ 2019-20 അക്കാദമിക വർഷം രൂപീകരിച്ച എസ്.എം.സി. ഈ അദ്ധ്യായന വർഷം പുന:സംഘടിപ്പിച്ചിട്ടുണ്ടോ എന്നും

(എ) ഉണ്ടെങ്കിൽ തീയതി എന്നാണെന്നുള്ളതിൽ വ്യക്തത വരുത്തണമെന്നും

(ബി) ഇല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി ഈ അക്കാദമിക വർഷം തുടങ്ങിയത് മുതൽ നാളിതുവരെ എത്ര യോഗം ചേർന്നു എന്നും

(സി) യോഗത്തിന് അംഗങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു എന്നു തെളിയിക്കുന്ന രേഖകൾ നൽകണമെന്നും

ii. കോവിഡ് സാഹചര്യത്തിൽ അക്കാദമിക വർഷം ആരംഭിക്കുന്നതിനോടനുബന്ധിച്ച് ഓൺലൈൻ പഠനം, ഓൺലൈൻ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് ഉണ്ടോയെന്നും ആയതിന്റെ പോരായ്മകൾ എന്നിവ വിലയിരുത്തിയതിന്റെയും ആയത് പരിശോധിച്ച് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ കൈക്കൊണ്ട എസ്.എം.സി. യോഗത്തിന്റെ മിനിറ്റ്സിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണമെന്നും മറ്റുമായി 12 ഇനങ്ങളിലും ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 25.11.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 30.12.2021 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 17.01.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി 25.11.2021 തീയതി ഹർജിക്കാരന് ലഭ്യമാക്കിയ മറുപടിയിൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം അപേക്ഷ കൈമാറിയ പൊതു അധികാരികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല എന്നു കാണുന്നു എന്നും കൂടാതെ ടി കാര്യാലയത്തിന് കീഴിലുള്ള 46 പ്രൈമറി പ്രഥമാധ്യാപകരിൽ 38 പ്രഥമാധ്യാപകരും 12 ഹൈസ്കൂൾ പ്രഥമാധ്യാപകർ/ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും സമയബന്ധിതമായി ഹർജിക്കാരന് വിവരങ്ങൾ

ലഭ്യമാക്കിയില്ല എന്നും കാണുന്നു എന്നും ഇത് സംബന്ധിച്ച് പബ്ലിക് ഇൻഫർമേഷൻ ആഫീസർ ലഭ്യമാക്കിയ വിശദീകരണ പ്രകാരം പൊതു അധികാരികളുടെ വിവരങ്ങൾ ലഭ്യമാക്കാത്തതും എസ്.പി.ഐ.ഒ.യുടെ വിവരങ്ങളോ അപ്പീൽ അധികാരിയുടെ പേരോ മറ്റു വിവരങ്ങളോ രേഖപ്പെടുത്താത്തതും മന:പൂർവ്വമല്ലെന്നും ടി വീഴ്ച മാപ്പാക്കണമെന്നുമുള്ള വിശദീകരണം പരിഗണിച്ച് മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ കാലതാമസം വരുത്തിയ മുഴുവൻ പൊതു അധികാരികളും ഹർജിക്കാരനെ വിവരങ്ങൾ അറിയിക്കേണ്ടതാണെന്നും ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങൾ/രേഖകളുടെ പകർപ്പുകളും കൈകാര്യം ചെയ്യുന്നതിൽ പൊതു അധികാരികൾ വീഴ്ച വരുത്തിയതിനാൽ ടിയാന് സൗജന്യമായി രേഖകൾ അയച്ചു കൊടുക്കുവാനും സമയബന്ധിതമായി വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ വ്യക്തമായ വിശദീകരണം സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി 06.04.2022-ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. സലിം ഗോപാലകൃഷ്ണൻ 8.11.2021-ന് സമർപ്പിച്ച അപേക്ഷയിലെ 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 8, 8എ, 9, 9എ ഒഴികെ മറ്റ് വിവരങ്ങൾ ടി കാര്യാലയത്തിൽ ലഭ്യമല്ലാതിരുന്നതിനാൽ 11.11.2021-ലെ എ/2951/21 നമ്പർ കത്തുപ്രകാരം ടി കാര്യാലയത്തിന് കീഴിലുള്ള 46 പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്കും 12 ഹൈസ്കൂൾ/ഹയർ സെക്കണ്ടറി പ്രഥമാധ്യാപകർക്കും/ പ്രിൻസിപ്പാൾമാർക്കും ഇ-മെയിൽ മുഖേന അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കി സമയബന്ധിതമായി ഹർജിക്കാരന് മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണെന്നും കൂടാതെ 8, 8എ, 9 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ടിയാന് 25.11.2021-ന് നൽകിയിരുന്നു എന്നും പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ലാതിരുന്നതിനാലാണ് 9എ യുടെ മറുപടി നൽകാതിരുന്നതെന്നും നൽകിയ മറുപടി തൃപ്തികരമല്ലെന്നും രേഖകൾ ലഭ്യമാക്കിയില്ല എന്നും പി.ഐ.ഒ./അപ്പീൽ അധികാരി എന്നിവരുടെ മെയിൽ ഐ.ഡി.യോ, പെൻ നമ്പറോ ഫോൺ നമ്പറോ ഒന്നും തന്നെ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ലെന്നും ആരോപിച്ചുകൊണ്ടാണ് ഒന്നാം അപ്പീൽ നൽകിയിരുന്നതെന്നും എന്നാൽ വിവരാവകാശ അപേക്ഷകൾ ടി കാര്യാലയത്തിൽ നേരത്തെ മുതൽ കൈകാര്യം ചെയ്തിരുന്നത് ഇപ്രകാരമാണെന്നും ആയതിനാലാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഇത്തരത്തിലുള്ള മറുപടി നൽകാനിടയായതെന്നും ആയത് മന:പ്പൂർവ്വമല്ലാത്തതിനാൽ മാപ്പാക്കണമെന്നും ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങൾ/രേഖകളുടെ പകർപ്പുകളും ടിയാന് സൗജന്യമായി അയച്ചു

കൊടുക്കുവാനും സമയബന്ധിതമായി വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിൽ വ്യക്തമായ വിശദീകരണം ടി കാര്യാലയത്തിൽ സമർപ്പിക്കണമെന്നും നിർദ്ദേശിച്ച പ്രകാരം ഹർജിക്കാരന് നേരത്തെ ലഭിച്ച 8 പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരുടെ മറുപടി കൂടാതെ 29 പ്രൈമറി സ്കൂൾ പ്രഥമാധ്യാപകരും 5 ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂൾ പ്രഥമാധ്യാപകർ/ പ്രിൻസിപ്പൾമാർ എന്നിവർ കൂടി മറുപടി ലഭ്യമാക്കിയതായി ടി കാര്യാലയത്തെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 12 ഇനങ്ങളിലും ഉപയിനങ്ങളിലുമായി ആവശ്യപ്പെട്ട വിവരം എതിർകക്ഷി കാര്യാലയത്തിന്റെ അധികാരപരിധിയിലുള്ള 46 പ്രൈമറി സ്കൂളുകളിൽ നിന്നും, 12 ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും ലഭിക്കേണ്ടതായതിനാൽ ടി വിവരം നൽകുന്നതിനായി 25.11.2021-ലെ എ/2951/2021 നമ്പർ കത്ത് പ്രകാരം ടി എതിർകക്ഷിയുടെ അധികാര പരിധിയിലുള്ള എല്ലാ ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകിയിരുന്നതാണെന്ന് കാണുന്നു. ടി നിർദ്ദേശ പ്രകാരം 37 പ്രൈമറി സ്കൂളുകളിൽ നിന്നും 5 എച്ച്.എസ്/എച്ച്.എസ്.എസ്. സ്കൂൾ ഉൾപ്പെടെ 42 പ്രഥമാധ്യാപകർ/പ്രിൻസിപ്പൽമാർ മാത്രമെ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയതായി കാണുന്നുള്ളു. ആയതിനാൽ ഹർജിക്കാരന് മറുപടി ലഭിക്കുവാൻ ബാക്കി നിൽപ്പുള്ള സ്കൂളുകളുടെ ലിസ്റ്റ് ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് ലഭ്യമാക്കേണ്ടതും, ടി ലിസ്റ്റ് പരിശോധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം 30.6.2022-നകം ഹർജിക്കാരന് ലഭ്യമാക്കുവാനുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഒന്നാം എതിർകക്ഷി പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി പുതുതായി സ്ഥാനനിർദ്ദേശം ചെയ്ത ആളായതിനാൽ ആർ.റ്റി.ഐ. ആക്ട് വായിച്ച് മനസ്സിലാക്കി ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കുടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഹർജിക്കാരൻ ഉന്നയിച്ച തരത്തിലുള്ള പരാതിക്ക് ഇടവരാതെ മറുപടി നൽകാൻ ശ്രമിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

us